കോഴിക്കോട് ജില്ലയിലെ അംഗൻവാടികൾ

33 [2070] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്കിൽ ആകെ എത്ര അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു ;

(ബി) പ്രസ്തുത ബ്ലോക്കിൽപ്പെട്ട എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട പഞ്ചായത്തുകളിൽ ഓരോ പഞ്ചായത്തിലുമുള്ള ബാലവാടികൾ എത്രയാണ് എന്നു വെളിപ്പെടുത്താമോ ;

(സി) എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട പഞ്ചായത്തുകളിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ എത്ര ;

(ഡി) പ്രസ്തുത ബ്ലോക്കിലെ മുകളിൽ പറഞ്ഞ മൂന്നു പഞ്ചായത്തുകളിൽ താൽക്കാലികമായി പ്രവർത്തിച്ചുവരുന്ന അംഗൻവാടി ടീച്ചർ, വർക്കർ എന്നിവരുടെ സംഖ്യ എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) സ്ഥിരം നിയമനം നടത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 183 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഇപ്പോൾ ബാലവാടികൾ ഒന്നും നിലവിലില്ല. എന്നാൽ ചേളന്നൂർ ബ്ലോക്കിൽ ഐ. സി. ഡി. എസ്. പ്രോജക്ട് നിലവിൽ വരുന്നതിനു മുമ്പ്, എലത്തൂർ പഞ്ചായത്തിൽ ഒന്നും, തലക്കുളത്തൂർ പഞ്ചായത്തിൽ രണ്ടെണ്ണവും, നന്മണ്ട പഞ്ചായത്തിൽ 23-ഉം ബാലവാടികൾ ഉണ്ടായിരുന്നു. എന്നാൽ ഐ.സി.ഡി.എസ് പ്രോജക്ട് നിലവിൽ വന്നതോടെ ഇവ അംഗൻവാടികളായി മാറി.

(സി) ഏലത്തൂരിൽ 3-ഉം തലക്കുളത്തൂരിൽ 15-ഉം നന്മണ്ടയിൽ 23-ഉം അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്.

(ഡി) ഏലത്തൂരിൽ താൽക്കാലിക വർക്കറായി രണ്ടുപേരും, താൽക്കാലിക ഹെൽപ്പറായി രണ്ടുപേരും ജോലി നോക്കുന്നുണ്ട്. തലക്കുളത്തൂർ, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ താൽക്കാലിക പ്രവർത്തകർ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിലെ അംഗൻവാടികൾ

34 [2071] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. പദ്ധതിയിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുവെന്നും ഇവയിൽ ഹെൽപ്പർ, വർക്കർ തസ്തികകളിൽ എത്രപേർ പണിയെടുക്കുന്നുവെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട് എന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ചേർപ്പ്, അന്തിക്കാട് ബ്ലോക്ക് കമ്മിറ്റികളിൽ ആരൊക്കെയാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഒഴിവുകൾ നികത്തുന്നതിനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

അംഗൻവാടി വർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ

35 [2072] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ അംഗൻവാടി വർക്കർമാരായും ആയമാരായും സേവനമനുഷ്ഠിക്കുന്നവരുടെ ആകെ എണ്ണം എത്രയെന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഇവരുടെ നിലവിലുള്ള പ്രതിമാസ വേതനം എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(സി) അംഗൻവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും പെൻഷൻ ആനുകൂല്യങ്ങളോ ഗ്രൂപ്പ് ഇൻഷ്വറൻസ് ആനുകൂല്യങ്ങളോ പ്രോവിഡന്റ് ഫണ്ടോ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ജീവനക്കാരെ സ്ഥിരം ജീവനക്കാരായി അംഗീകരിച്ച് ഇവർക്കായി സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

† അനുബന്ധം III കാണുക.

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly